# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം
### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4268 20.03.2018 ൽ മറുപടിയ്ക്ക്

**ബസ് നിരക്ക് വർദ്ധനയിലെ അപാകത**

| ചോദ്യം<br>ശ്രീ.പാറക്കൽ അബ്ദുല്ല | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | മിനിമം നിരക്കിൽ കിലോമീറ്റർ നിരക്കു കൂടി ചേർത്തുകൊണ്ടുള്ള ബസ് നിരക്ക് വർദ്ധന സാധാരണ യാത്രക്കാർക്ക് കടുത്ത സാമ്പത്തിക ബാധ്യത വരുത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | മിനിമം ചാർജ്ജിൽ യാത്ര ചെയ്യാവുന്ന ദൂരത്തിന് മേലുള്ള ദൂരത്തിനാണ് കിലോമീറ്റർ നിരക്ക് ബാധകമാകുന്നത്. നിലവിലെ ഇന്ധന വിലവർദ്ധനവുമായി താരതമ്യം ചെയ്യുമ്പോൾ നാമമാത്രമായ വർദ്ധനവ് മാത്രമാണ് മിനിമം നിരക്കിലും കിലോമീറ്റർ നിരക്കിലും ഉണ്ടായിട്ടുള്ളത്. ആയതിനാൽ പ്രസ്തുത നിരക്ക് വർദ്ധന യാത്രക്കാർക്ക് കടുത്ത സാമ്പത്തിക ബാധ്യതയ്ക്ക് ഇടയാക്കും എന്ന് കരുതുന്നില്ല. |
| (ബി) | 1960 മുതൽ 2011 വരെ നിലനിന്നിരുന്ന രീതിയിൽ നിന്ന് വ്യത്യസ്ഥമായാണ് ഈ വർഷത്തെ നിരക്ക് വർദ്ധനയെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | മുൻവർഷങ്ങളിൽ ചെയ്തത്പോലെ നിരക്ക് വർദ്ധനയുമായി ബന്ധപ്പെട്ട പഠനങ്ങൾ നടത്താൻ നിയോഗിച്ച ബഹു.റിട്ട.ജസ്റ്റിസ് രാമചന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് നിരക്ക് വർദ്ധനവ് നടപ്പിൽ വരുത്തിയിട്ടുള്ളത്. |
| (സി) | നിരക്ക് വർദ്ധന ബസ് ഉടമകൾ ആവശ്യപ്പെട്ടതിലധികം നേട്ടം അവർക്കുണ്ടാക്കിയെന്ന റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ; | (സി) യും (ഡി) യും | റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | എങ്കിൽ ഈ രീതിയിൽ നിരക്ക് വർദ്ധിപ്പിക്കേണ്ടതായ സാഹചര്യമെന്തെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ നൽകുമോ? | | |

സെക്ഷൻ ഓഫീസർ